മുനിസിപ്പൽ സ്റ്റാഫ് ജീവനക്കാരുടെ മെമ്മോറാണ്ടം.

* 158. [4] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ സ്റ്റാഫ് ജീവനക്കാരുടെ സംഘടന തവണമ്മൻറിന് സമർപ്പിച്ചിരുന്ന മെമ്മോറാണ്ടത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിരുന്നത്;

(ബി) പെൻഷൻ, ഗ്രാറ്റുവിറ്റി സ്കീം ഇവ സംബന്ധിച്ച് കേന്ദ്രത്തിലെപ്പോലെ ഇവിടെയും തുല്യമായ നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(സി) മുൻസിപ്പൽ, പഞ്ചായത്ത് എന്നീ ജീവനക്കാരെ തവണമ്മൻറ് ജീവനക്കാരായി പ്രഖ്യാപിക്കാൻ വിചാരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. ബാലകൃഷ്ണൻ):

(എ) 1. ടൈംസ്കെയിൽ മുനിസിപ്പൽ ജീവനക്കാർക്കും ക്ലറിക്കൽ വിഭാഗക്കാർക്കും ബാധകമാക്കുക.

2. ഓഫീസർമാരും, ഗ്രാഡ്വേറ്റുകളും, അണ്ടർഗ്രാഡ്വേറ്റുകളും തമ്മിലുള്ള അനുപാതവും നിശ്ചയിക്കുക.

3. ഒരു പൊതു മുനിസിപ്പൽ സർവീസ് ഏർപ്പെടുത്തുക.

4. മുനിസിപ്പൽ സർവീസിലെ എൻ. ജി. ഒ. മാർക്ക് ഡിയർനസ് അലവൻസിന്റെ 10 ശതമാനം 5 രൂപയിൽ കുറയാത്ത സംഖ്യക്ക് വിധേയമായി ശമ്പളത്തിൽ കൂട്ടിച്ചേർക്കുക.

5. പബ്ലിക്ക് സർവീസായി പ്രഖ്യാപിക്കുക.

6. ഹൗസ്റെൻറ് അലവൻസ് നൽകുക.

7. സൈക്കിൾ അലവൻസ് മുതലായവ നൽകുക.

8. ക്ലറിക്കൽ സ്റ്റാഫിനെ മുനിസിപ്പാലിറ്റികളിൽ നിയമിക്കുക.

9. മുനിസിപ്പൽ ജീവനക്കാർക്കും, പ്രമോഷനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.

10. മുനിസിപ്പൽ ഹെൽത്ത് ആഫീസർമാരായി പരിശീലനം നൽകുന്നതിന് കോഴ്സ് തിരുവനന്തപുരം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് ഏർപ്പെടുത്തുക.

11. മുനിസിപ്പൽ ക്ലറിക്കൽ എസ്റ്റാബ്ലിഷ്മെൻറ് സ്ഥിരപ്പെടുത്തുക.

ഇവയാണ് മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ.

(ബി) ഇല്ല.

(സി) ഇല്ല.

Demarcation of Boundary.

* 159. [5] SHRI K. SATTANATHA KARAYALAR: Will the Chief Minister be pleased to state:

(a) whether it is a fact that a survey party has been sent to Shencottah Taluk to demarcate the proposed boundary between Madras and Kerala;

LIBRARY ARCHIVES Kerala Legislative Assembly